**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2999** **25-06-2024 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണർ നിർമ്മാണത്തിൽ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂഗർഭ ജലവിതാനം കുറയാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിലെ ജലസ്രോതസുകൾ പൂർണ്ണമായും മഴയെ അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്. കേരളത്തിൽ ലഭ്യമാകുന്ന വാർഷിക ശരാശരി മഴയിൽ കാര്യമായ വ്യത്യാസം കാണുന്നില്ലെങ്കിലും, മഴ ദിനങ്ങളുടെ ഇടവേളകൾ കുറയുന്നതും, അതിതീവ്ര മഴ ഉണ്ടാകുന്നതും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ്. കേരളത്തിന്റെ സ്വാഭാവികമായ ഭൂപ്രകൃതി, അതിതീവ്ര മഴ തുടങ്ങിയ ഘടകങ്ങൾ സ്വാഭാവിക ഭൂജല സംപോഷണത്തിന് വിഘാതം സൃഷ്ടിക്കുന്നു. കൂടാതെ വേനൽക്കാലത്ത് ചൂട് കൂടുകയും, അന്തരീക്ഷ താപം വർധിക്കുകയും ചെയ്യുന്നത് മൂലം കിണറുകളും, കുളങ്ങളും വറ്റുന്ന അവസ്ഥ, സ്വാഭാവിക ഭൂജല സംപോഷണത്തിലുള്ള കുറവ് തുടങ്ങിയ കാരണങ്ങൾ മൂലം ഭൂജല ഉപയോഗത്തിലുണ്ടായ വർദ്ധനവ് ഭൂജല ലഭ്യതയുടെ കുറവിന് കാരണമാകുന്നുണ്ട്. |
| (ബി) | ജലവിതാനം താഴുന്നതിന് കുഴൽ കിണറുകളുടെ വർദ്ധനവ് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ജലവിതാനം താഴുന്നതിന് കുഴൽ കിണറുകളുടെ വർദ്ധനവ് കാരണമായി എന്നത് സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ ഭൂജല വകുപ്പ് മുഖേന നടത്തിയിട്ടില്ല. |
| (സി) | കുഴൽ കിണർ നിർമ്മിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകളിൽ (Chittoor, Malambuzha and Kasaragod Blocks) പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നതിനും, പമ്പിങ് കിണറായി പരിവർത്തനം ചെയ്യുന്നതിനും കേരള സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് |

| | | | |
|---|---|---|---|
| | | | കരസ്ഥമാക്കുന്നതിനു ഭൂജല വകുപ്പിന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ